കേന്ദ്രാനുമതിയ്ക്കായി സമർപ്പിച്ച മിനി ജലവൈദ്യുത പദ്ധതികൾ

135 (918)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം മിനി ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണപ്രവർത്തനമാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രാനുമതിക്കായി സമർപ്പിച്ച മിനി ജലവൈദ്യുത പദ്ധതികൾ എന്തൊക്കെയാണ്; എന്നാണ് കേന്ദ്രാനുമതിക്കായി സമർപ്പിച്ചത്;

(സി) പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

ഉത്തരം

(എ) സംസ്ഥാനത്ത് എട്ട് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണപ്രവർത്തനം നടന്നുവരുന്നു. ഇതിൽ നാലു പദ്ധതികളുടെ പണി ബോർഡ് നേരിട്ടും നാല് പദ്ധതികൾ സ്വകാര്യ മേഖലയിലുമാണ്. ബോർഡ് നേരിട്ട് നിർമ്മാണ പ്രവർത്തനം നടത്തിവരുന്ന പദ്ധതികൾ ചുവടെ ചേർക്കു ന്നു.

(1) കുറ്റ്യാടി എക്സ്റ്റൻഷൻ - 50 മെഗാവാട്ട് 75 മി. യൂണിറ്റ്

(2) കുറ്റ്യാടി ടെയിൽറേസ് - 3.75 മെഗാവാട്ട് 15 മി. യൂണിറ്റ്

(3) മലമ്പുഴ - 2.5 മെഗാവാട്ട് 5.6 മി. യൂണിറ്റ്

(4) മലങ്കര - 10.5 മെഗാവാട്ട് 65 മി യൂണിറ്റ്

(ബി) ക്യാപ്റ്റീവ് അടിസ്ഥാനത്തിൽ സ്വകാര്യമേഖലയിൽ പ്രവർത്തനം നടന്നുവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കുത്തുങ്കൽ - 21 മെഗാവാട്ട് 79 മി. യൂണിറ്റ്

2. ഉള്ളുങ്കൽ - 7 മെഗാവാട്ട് 34.1 മി. യൂണിറ്റ്

3. കാരിക്കയം - 15 മെഗാവാട്ട് 72.7 മി. യൂണിറ്റ്

4. ഭൂതത്താൻകെട്ട് - 16 മെഗാവാട്ട് 61.5 മി. യൂണിറ്റ്

(സി)&(ഡി) മിനി ജലവൈദ്യുത പദ്ധതികൾ ഒന്നുംതന്നെ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടില്ല. ഇപ്പോൾ നടപ്പിലാക്കാനുദ്ദേശിക്കുന്ന മിനി ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ആവശ്യമില്ല.

ബ്രഹ്മപുരം പദ്ധതികളുടെ സ്ഥാപിതശേഷി

136 (919)ശ്രീ. പി.പി. തങ്കപ്പൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം പദ്ധതിയുടെ സ്ഥാപിതശേഷി എത്രയാണ്;

(ബി) 30.5.1999 വരെ സ്ഥാപിതശേഷിയുടെ എത്ര ശതമാനം വൈദ്യുതി ഉൽപ്പാദിപ്പിച്ചു എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly